**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **02-02-2024 - ൽ മറുപടിയ്ക്ക്**

**കായികവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നു വിശദമാക്കുമോ? | (ബി) | നിലവിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തടസ്സങ്ങൾ ഒന്നും തന്നെയില്ല. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയാലുടൻ എത്രയും വേഗം ദർഘാസുകൾ ക്ഷണിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിൻറെ നിർമ്മാണം | 5.00 കോടി | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി ശ്രീ. സി.എൽ. മുഹമ്മദ് ഹനീഫ്, കാസർഗോഡ് എന്ന കരാറുകാരന് 10.01.2024 തീയ്യതിയിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 2 | ചെറുവാഞ്ചേരി സ്റ്റേഡിയം നിർമ്മാണം | 5.00 കോടി | സ.ഉ(സാധാ) നം. 13/2023/കാ.യു.വ തീയ്യതി 04.01.2023 പ്രകാരം 5.00 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും മൂന്ന് പ്രാവശ്യം ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറുകളിൽ ആരും തന്നെ പങ്കെടുത്തിരുന്നില്ല.<br>14.08.2023 തീയ്യതിയിൽ ബഹു. കൂത്തുപറമ്പ് എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ടി സ്റ്റേഡിയത്തിൻറെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൂത്ത് പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് ചേർന്ന യോഗത്തിൽ പ്രൊപ്പോസ് ചെയ്ത സ്ഥലത്ത് മഡ് ഗ്രൗണ്ട് നിർമ്മിക്കുവാനും, ഡ്രെയിനേജ്, ബോർ വെൽ, വോളീബോൾ, ബാഡ്മിൻറൺ കോർട്ടുകൾ നിർമ്മിക്കുവാനും, ഇൻഡോർ കോർട്ടിൻറെ വലിപ്പം കുറയ്ക്കുവാനും തീരുമാനിച്ചു.<br>50 മീറ്റർ വീതിയിലും 180 മീറ്റർ നീളത്തിലും നിർമ്മിക്കാനുദ്ദേശിക്കുന്ന ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള സ്ഥലം 30 മീറ്റർ ലെവൽ വ്യത്യാസത്തിൽ ഉള്ള കുത്തനെ കിടക്കുന്ന ഭൂമിയാണ്. ആയതിനാൽ ടി പ്രവൃത്തിക്ക് സ്ട്രക്ച്ചറൽ ഡിസൈൻ ആവശ്യമായിരുന്നു ആയതിൻറെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് വരുന്നു. |